(സി) ഇതേപ്പറ്റി അന്വേഷിക്കുമോ;

(ഡി) കയറുല്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിനാവശ്യമായ വാഗൺ യഥാസമയം ലഭ്യമാക്കാൻ ആവശ്യപ്പെടുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഉല്പാദകരുടെ മുഴുവൻ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ഫോം മാറ്റിംങ്സ് (ഇന്ത്യ) ലിമിറ്റഡിന് വാഗണുകൾ തക്കസമയത്ത് കിട്ടാത്തതിന്റെ ഫലമായി നാളിതുവരെ കുറഞ്ഞത് 24 ലക്ഷം രൂപയുടെ ബിസിനസ് നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്.

(സി, ഡി) ഇത് ചെയ്യുന്നതാണ്. റയിൽവേ വാഗണുകൾ ലഭ്യമാക്കുന്നതിനു വേണ്ടി തിരുവനന്തപുരം ഡിവിഷണൽ മാനേജർക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും കത്തയച്ചിട്ടുണ്ട്.

മുദ്രപത്ര കുംഭകോണം

*24 [234] ശ്രീ. കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപ്പത്ര കുംഭകോണം പുറത്തുവന്നതിനെത്തുടർന്ന് കേരളത്തിൽ വ്യാജ മുദ്രപ്പത്രങ്ങൾ വിറ്റിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) സി.ബി.ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

പാൽക്ഷാമം പരിഹരിക്കുവാൻ നടപടി

*25 [235] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly